മാക്കിയുള്ള നിയന്ത്രണങ്ങളെക്കുറിച്ച് വ്യാഴാഴ്ച ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേരുന്ന ദു

ഈ വാർഡുകളിൽ ട്രിപ്പിൾ ലോക്ഡൗൺ വേണമോയെന്ന കാര്യത്തിൽ തീരുമാനമുണ്ടാകൂ.

# സെൻ്റ് ഗിറ്റ്സിൽ വെബിനാറും പ്രസംഗമത്സരവും

**കോട്ടയം ▸** ഇന്ത്യയിലെ സാമ്പത്തികപരിഷ്കാരങ്ങളുടെ മുപ്പതാം വാർഷികത്തിന്റെ ഭാഗമായി പാത്താമുട്ടം സെൻ്റ് ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസസിൽ സാമ്പത്തികരംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന ദേശീയ വെബിനാർ പരമ്പരയും പ്രസംഗമത്സരവും നടത്തും.

മുൻ കേന്ദ്രമന്ത്രി ജയറാം രമേശ് എം.പി., സാമ്പത്തികശാസ്ത്രജ്ഞനും പ്ലാനിങ് കമ്മിഷൻ മുൻ ഉപാധ്യക്ഷനുമായിരുന്ന ഡോ. മോൺടേക് സിങ് അലുവാലിയ, മുൻ ധനമന്ത്രി ഡോ. തോമസ് ഐസക്, ഐ.ബി.എസ്. ചെയർമാൻ വി.കെ.മാത്യൂസ്, സൗത്ത് ഇന്ത്യൻ ബാങ്ക് എം.ഡി.മുരളി രാമകൃഷ്ണൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ ഡോ. കെ.ജെ.ജോസഫ് എന്നിവർ വിവിധ ദിവസങ്ങളിലായി പങ്കെടുക്കുന്ന വെബിനാർ പരമ്പര ഓഗസ്റ്റ് എഴിന് ആരംഭിക്കുമെന്ന് കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ജോൺ പറഞ്ഞു.

കോളേജിലെ കോർപ്പറേറ്റ് ഇക്കണോമിക്സ് വിഭാഗവും കോളേജ് ഐ.ക്യു.എ.സി.യും ചേർന്ന് നടത്തുന്ന വെബിനാർ പരമ്പരയുടെ ഭാഗമായി കോളേജ് വിദ്യാർഥികൾക്ക് ദിവസവും മത്സരങ്ങളുമുണ്ട്.

വിജയികൾക്ക് ദിവസവും 10,000 രൂപ സമ്മാനം. ഫോൺ: 8589095052.

Mathrubhumi 05-08-2021 (Page.02)

